നം.കെ.എസ്.എ.കെടിഎം.പി.**6/299/2020** തീയതി **: 17.03.2020**

<u>കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വര്‍ഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോര്‍ട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കല് ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വര്‍ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.18 മുതല് 31.3.19 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളില് നിന്നുള്ള പണം പിൻവലിക്കലുകള് എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകള് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകള് നൽകിയതില് 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമര്‍ശങ്ങള് ഓഡിറ്റ് സമാപനയോഗത്തില് അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോര്‍ട്ടില് ചേര്‍ത്തിരിക്കുന്നത്. ഈ റിപ്പോര്‍ട്ടില് ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടര് നടപടികള് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തില് തയ്യാറാക്കി ഈ റിപ്പോര്‍ട്ടില് ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)** <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു സി.ജോര്‍ജ്, ഡെപ്യൂട്ടി ഡയറക്ടര്‍ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28.02.2020 മുതല് 07.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥര്‍ | ശ്രീ സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസര്‍ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയര്‍ ഗ്രേഡ് ഓഡിറ്റര്‍ |
| | ശ്രീമതി അമ്പിളി എം. | സീനിയര്‍ ഗ്രേഡ് ഓഡിറ്റര്‍ |
| | ശ്രീ.ആൽബിന് സിറിയക് | ഓഡിറ്റര്‍ |

<u>നിര്‍വ്വഹണാധികാരികള്</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ലതാ അശോകൻ | 1.04.18 -31.03.19 |
| സെക്രട്ടറി | ശ്രീ.അനൂപ് എൻ. (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 1.04.18-19.4.18 |
| | | 18.6.18-3.7.18 |
| | | 1.12.18-16.12.18 |
| | | 24.2.19-7.3.19 |
| | ശ്രീ.ലോറൻസ് എം.എം. | 20.4.18-17.6.18 |
| | | 4.7.18-30.11.18 |
| | ശ്രീ.ബിജു എസ്. | 17.12.18-23.2.19 |
| | ശ്രീ.അനിൽകുമാര് എസ്. | 8.3.19-31.3.19 |

മറ്റ് നിർവ്വഹണോദ്യോഗസ്ഥര്

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനൂപ് എന്. | 1.4.18-31-03-19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സെറിൻ | 1.4.18-27.1.19 |
| | ശ്രീമതി ഉഷാകുമാരി പി.ജി. | 28.1.19-31.3.19 |
| കൃഷി ഓഫീസർ | ശ്രീമതി ശോഭ പി.പി. | 1.4.18-7.3.19 |
| | ശ്രീമതി ജ്യോതി നാരായണൻ | 8.3.19-31.3.19 |
| വെറ്ററിനറി സർജന് | ഡോ.കോശി തങ്കച്ചൻ | 1.4.18-8.4.18 |
| | ഡോ.കുര്യൻ പി. ജേക്കബ് | 9.4.18-31.3.19 |
| ഡയറി ഫാം ഇൻസ്ട്രക്ടര് | ശ്രീ.മനോജ് | 1.4.18-31.3.19 |
| വി.ഇ.ഒ | ശ്രീ.ബിജുമോൻ | 1.4.18-2.1.19 |
| | ശ്രീ.അരുൺകുമാര് | 3.1.19-31.3.19 |
| | ശ്രീ.അഫ്സൽ | 1.4.18-31.3.19 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസര് | ശ്രീമതി ശ്രീമോൾ | 1.4.18-1.5.18 |
| | ശ്രീമതി രമ്യ | 2.5.18-11.7.18 |
| | ശ്രീമതി സിന്ധു വാസുദേവൻ | 12.7.18-31.3.19 |
| മെഡിക്കൽ ഓഫീസര്, സി.എച്ച്.സി. | ഡോ.സ്നേഹ യു.ആർ. | 1.4.18-17.4.18 |
| | ഡോ.ഗീത | 18.4.18-19.10.18 |

| | | |
|---|---|---|
| | ഡോ.റെജീഷ് | 20.10.18-16.1.19 |
| | ഡോ.ഗീത | 17.1.19-31.3.19 |
| മെഡിക്കൽ ഓഫീസര്, ആയുർവ്വേദം | ഡോ.ഷൈനി ബി. | 1.4.18-31.3.19 |
| ഫിഷറീസ് സബ് ഇൻസ്പെക്ടര് | ശ്രീമതി മറ്റം മെറിറ്റ് കുര്യൻ | 1.4.18-31.3.19 |
| ഹെഡ്മാസ്റ്റര് | ശ്രീ.ജോയ് എ.ആർ. | 1.4.18-31.3.19 |

<u>ഉള്ളടക്കം</u>


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | കാഷ് പരിശോധന |
| 1-5 | ആഭ്യന്തരനിയന്ത്രണം |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷികകണക്കുകളുടെ അപാകതകള് |
| 1-8 | മൊബൈൽ ടവറുകളുടെ വസ്തുനികുതി-കുടിശിക ഈടാക്കിയിട്ടില്ല |
| 1-9 | ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കാത്തത് സംബന്ധിച്ച് |
| 1-10 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 1-11 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 1-12 | ലൈസൻസ്-ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങള് പാലിച്ചിട്ടില്ല |
| 1-13 | വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണത്തിലും ലൈസൻസ് ലിസ്റ്റില് ഉൾപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണത്തിലും അസ്വാഭാവികമായ വ്യതിയാനം |
| 1-14 | വാടക-പൂർണ്ണമായി ഈടാക്കുന്നതില് വീഴ്ച |
| 1-15 | ലേലം-ഫയൽ പരിശോധനയില് ശ്രദ്ധിക്കപ്പെട്ട അപാകതകള് |
| 1-16 | കുത്തകപ്പാട്ടം-ആധികാരിക രേഖകളുടെ അഭാവത്തില് കുത്തക പാട്ടത്തിന് നൽകിയ ഭൂമി അന്യാധീനപ്പെടുന്ന സ്ഥിതിവിശേഷം |

| | |
|---|---|
| 1-17 | ഇ-ടെൻഡർ-ടെൻഡര് ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല |
| 1-18 | മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ലഭ്യമല്ല-തുക തടസ്സപ്പെടുത്തുന്നു |
| 1-19 | എസ്.സി. വിഭാഗത്തിന് സ്വയം തൊഴിലിന് ഇരുചക്രവാഹന സബ്സിഡി-അധിക നിരക്ക് നൽകി |
| 1-20 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത റോഡിന് ടാറിംഗിന് തുകയനുവദിച്ചു |
| 1-21 | തീരദേശ വിജ്ഞാനകേന്ദ്രം-പൂർത്തീകരണ വിവരമില്ല |
| 1-22 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്-നിർമ്മാണം-തുടർപ്രവർത്തനങ്ങളില്ല |
| 1-23 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലില്ലാത്ത കെട്ടിടത്തിന് വൈദ്യുതീകരണം |
| 1-24 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നവർക്ക് ആനുകൂല്യം നൽകി |
| 1-25 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾ-നാളിതുവരെ പൂർത്തിയാക്കിയില്ല |
| 1-26 | സ്ട്രീറ്റ്ലൈറ്റ് റിപ്പയര്-പൂർണ്ണമായി നടപ്പാക്കിയില്ല |
| 1-27 | കന്നുകുട്ടി പരിപാലന പദ്ധതി അപാകതകൾ |
| 1-28 | തുല്യതാ വിദ്യാഭ്യാസ പദ്ധതി-രേഖകൾ പൂർണ്ണമല്ല |
| 1-29 | ഗ്രാമപഞ്ചായത്തിന് കൈമാറിയ വസ്തവകകൾ നടപടിക്രമങ്ങള് പാലിച്ച് ആസ്തിയാക്കേണ്ടതാണ് |
| 1-30 | ഫിറ്റ്നെസ്സില്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികള് |
| 1-31 | ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകൾ-സമയബന്ധിതമായി തീർപ്പാക്കുന്നില്ല |
| 1-32 | അഗതിരഹിത കേരളം-പ്രവർത്തനം മന്ദഗതിയില് |
| 1-33 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട്-ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല |
| 1-34 | ലൈഫ് ഭവന പദ്ധതി-ചില ഗുണഭോക്താക്കള് വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 1-35 | തൊഴിലുറപ്പ് പദ്ധതി അവലോകനം |
| ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങള് |
| ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങള് | |
| 3-1 | അനുബന്ധം 3വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങള് |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങള് |

| | |
|---|---|
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-5 | വായ്പ/വായ്പാ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടില് ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങള് |
| 4-9 | ചാർജ് / സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാന് അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള് |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയില് |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചര് സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 1.3.2018 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 1.2.19 ലെ 4 നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | പരിഷ്കരിച്ച ബജറ്റ് | യഥാർത്ഥം |
|---|---|---|---|
| മുന്നിരിപ്പ് | 1,87,49,725.08 | 1,87,49,725 | 2,72,307.68 |
| വരവ് | 9,77,74,300 | 25,94,04,322 | 8,82,69,211.75 |

| | | | |
|---|---|---|---|
| ആകെ | 11,65,24,025.08 | 27,81,54,047 | 8,85,41,519.43 |
| ചെലവ് | 11,45,22,000 | 27,14,57,390 | 8,09,10,574.25 |
| നീക്കിയിരിപ്പ് | 20,02,025.08 | 66,96,657 | 76,30,945.18 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവു ചെലവുകളും യഥാർത്ഥ വരവുചെലവ് കണക്കുകളുമായി കോടികളുടെ വ്യത്യാസമുണ്ട്. പഞ്ചായത്തിന്റെ വരവുചെലവുകളെ കൃത്യമായി അപഗ്രഥിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിലും പാസ്സാക്കുന്നതിലും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷന് 214പ്രകാരമുള്ള നിയമവ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,59,42,000 | 1,59,42,000 | 1,41,49,272 | 17,92,728 | 88.7 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 57,57,000 | 57,57,000 | 51,39,928 | 6,17,072 | 89 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 1,00,000 | 1,00,000 | 21,212 | 78,788 | 21 |
| മെയിന്റനൻസ്, റോഡ് | 0 | 1,32,37,000 | 1,32,37,000 | 80,84,989 | 51,52,011 | 61 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 32,39,000 | 32,39,000 | 31,53,081 | 85,919 | 97 |
| സെൻട്രല് ഫിനാൻസ് കമ്മീഷന് ഗ്രാന്റ് | 0 | 74,00,000 | 74,00,000 | 74,00,000 | 0 | 100 |
| തനത് ഫണ്ട് * | - | 1,06,63,395 | 1,06,63,395 | 47,93,158 | - | |
| എസ്.എസ്.എ | 7,894 | 277 | 8,171 | 0 | 8,171 | |
| ഐ.സി.ഡി.എസ് | 7,42,060 | 4,11,750 | 11,53,810 | 4,17,409 | 7,36,401 | |
| റ്റി.എസ്.സി | 18,53,127 | 5,82,032 | 24,35,159 | 0 | 24,35,159 | |
| ആർ.ജി.പി.എസ്.എ. | 15,00,000 | 0 | 15,00,000 | 9,74,300 | 5,25,700 | |
| റ്റി.എസ്.സി (വാർഡുതല സമിതി) | 22,414 | 1,50,000 | 1,72,414 | 1,50,000 | 22,414 | |
| ഉറവിടമാലിന്യ സംസ്കരണം | 7,53,570 | 0 | 7,53,570 | 0 | 7,53,570 | |
| എസ്.ബി.റ്റി. ഡിസ്ട്രസ് റിലീഫ് ഫണ്ട് | 25,513 | 901 | 26,414 | 0 | 26,414 | |
| ട്രഷറി റ്റി.എസ്.ബി ജോയന്റ് വെഞ്ചർ** ജില്ലാപഞ്ചായത്ത് വിഹിതം | 3,47,891 | 37,63,080 | 41,10,971 | 41,08,080 | 2,891 | |
| ട്രഷറി റ്റി.എസ്.ബി ജോയന്റ് | 5,00,000 | 16,78,419 | 21,78,419 | 17,20,234 | 4,58,185 | |

| | | | | | | |
|---|---|---|---|---|---|---|
| വെഞ്ചർ **<br><br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | | | | |
| ബി ഫണ്ട് | 0 | 3,84,920 | 3,84,920 | 3,84,920 | 0 | |

* തനത് ഫണ്ടിന്റെ പ്രാരംഭബാക്കി നീക്കിയിരിപ്പ് തുകകളിൽ മറ്റ് തുകകളും ഉൾപ്പെടുന്നതിനാല് കൃത്യത പരിശോധിക്കാനായിട്ടില്ല.

** റിഡംപ്ഷൻ തുക ചേർക്കാതെയുള്ള പ്രാരംഭബാക്കി.

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 796 | 8,64,727 | 8,65,523 | 8,55,378 | 10145 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,18,22,110 | 3,18,22,110 | 3,18,22,110 | 0 |
| ആകെ | 796 | 3,26,86,837 | 3,26,87,633 | 3,26,77,488 | 10145 |

ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങള് താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,29,920 | 124 |
| കർഷകതൊഴിലാളി പെൻഷന് | 39,81,200 | 321 |
| വിധവാപെൻഷന് | 66,20,400 | 571 |
| വാർദ്ധക്യകാലപെൻഷന് | 1,86,45,400 | 1807 |
| വികലാംഗപെൻഷന് | 34,68,500 | 281 |
| അവിവാഹിത പെൻഷന് | 6,38,200 | 53 |
| വിവാഹ ധനസഹായം | 90,000 | 3 |

## 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകള് നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ<br><br>(എണ്ണം) | പദ്ധതി അടങ്കല് | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 177 | 113 | 64 | 12,80,90,875 | 6,67,65,883 | 52 |

2018-19 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2017/DPC/DPO/KTM തീയതി 31.03.2019 പ്രകാരം അംഗീകാരം ലഭിച്ചു.

<u>പദ്ധതി ആസൂത്രണം</u>

വർക്കിങ് ഗ്രൂപ്പ് യോഗങ്ങള് 13.01.2018 ലും പദ്ധതി രൂപീകരണഗ്രാമസഭകള് 13.2.18 മുതല് 25.2.18 വരെയുള്ള തീയതികളിലും വികസനസെമിനാർ 13.3.18 ലും കൂടിയിട്ടുണ്ട്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിവരങ്ങള് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യാഗസ്ഥന് | ആകെ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കല് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 32 | 18 | 1,38,65,553 | 74,29,619 | 53.5 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 36,86,550 | 30,37,855 | 82 |
| കൃഷി ഓഫീസർ | 6 | 6 | 17,43,726 | 16,06,782 | 92 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 45 | 3,54,79,111 | 1,56,38,735 | 44 |
| വി.ഇ.ഒ1 | 8 | 7 | 5,94,15,525 | 2,95,15,559 | 49.6 |
| വി.ഇ.ഒ2 | 7 | 5 | 36,61,000 | 14,51,000 | 39.6 |
| വെറ്ററിനറി സർജന് | 4 | 4 | 14,36,000 | 8,35,000 | 58 |
| മെഡിക്കൽ ഓഫീസര് പി.എച്ച്.സി | 4 | 4 | 8,96,250 | 7,96,221 | 88.8 |
| മെഡിക്കൽ ഓഫീസര് ആയുർവേദം | 2 | 2 | 6,00,000 | 6,00,000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 5 | 5 | 7,99,500 | 5,15,300 | 64 |
| എച്ച്.എം | 4 | 4 | 5,11,000 | 5,10,500 | 99.9 |
| ഐ.സി.ഡി.എസ് | 5 | 5 | 36,96,660 | 36,29,312 | 98 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസര് | | | | | |
| ക്ഷീരവികസന ഓഫീസർ | 2 | 2 | 23,00,000 | 12,00,000 | 52 |
| ആകെ | **177** | **113** | **12,80,90,875** | **6,67,65,883** | **52** |

അസിസ്റ്റന്റ് എഞ്ചിനീയർ, വി.ഇ.ഒ എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി ചെലവുകള് 50 ശതമാനത്തിലും താഴെയായത് പദ്ധതി നിർവ്വഹണത്തിലെ പ്രധാന വീഴ്ചയാണ്.

വിവിധ സ്രോതസ്സുകളിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങള് ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 1,75,10,300 | 1,41,49,272 | 88.7 |
| വികസനഫണ്ട്(എസ്.സി.പി) | 74,60,953 | 51,39,928 | 89 |
| വികസനഫണ്ട്(റ്റി.എസ്.പി) | 1,00,000 | 21,212 | 21 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | 1,17,00,000 | 74,00,000 | 63 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 64,66,092 | 17,05,930 | 26 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 20,00,000 | 0 | 0 |
| തനത് ഫണ്ട് | 7,24,059 | 4,33,152 | 60 |
| ബ്ളോക്ക് വിഹിതം | 26,78,419 | 17,20,234 | 64 |
| ജില്ലാപഞ്ചായത്ത് വിഹിതം | 60,11,580 | 41,08,080 | 68 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 1,82,63,381 | 80,84,989 | 44 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 38,88,000 | 31,53,081 | 81 |
| മറ്റുള്ളവ | 5,12,88,091 | 2,08,50,005 | 40.6 |
| ആകെ | **12,80,90,875** | **6,67,65,883** | **52** |

ഫണ്ടുകളുടെ വിനിയോഗലക്ഷ്യം കൈവരിച്ചില്ല-**77,26,518** രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

തൻവർഷം വിവിധ ഫണ്ടുകൾക്ക് ലഭ്യമായ അലോട്ടുമെന്റും യഥാർത്ഥ ചെലവും ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ടുമെന്റ് | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 1,59,42,000 | 1,41,49,272 | 17,92,728 |
| വികസനഫണ്ട് എസ്.സി.പി | 57,57,000 | 51,39,928 | 6,17,072 |

| | | | |
|---|---|---|---|
| വികസനഫണ്ട് റ്റി.എസ്.പി | 1,00,000 | 21,212 | 78,788 |
| സംരക്ഷണഗ്രാന്റ് റോഡ് | 1,32,37,000 | 80,84,989 | 51,52,011 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 32,39,000 | 31,53,081 | 85,919 |
| ആകെ | | | **77,26,518** |

വിവിധ നിർവ്വഹണോദ്യോഗസ്ഥര് നടപ്പാക്കിയ 17 പ്രോജക്ടുകള് തൻവർഷം ക്യു ബില്ലായി. ആകെ 29,41,591 രൂപയുടെ ബില്ലുകളാണ് ക്യു ബില്ലായത്. ടി തുക യഥാർത്ഥത്തില് 2019-20 വർഷത്തെ അലോട്ട് മെന്റില് നിന്നാണ് മാറാനാവുക. ഫലത്തിൽ തൻവർഷം 77,26,516 രൂപ ചെലവഴിക്കാതെ നഷ്ടമായി. തൻവർഷം ചെലവഴിക്കേണ്ട 29,41,591 രൂപ അടുത്ത വർഷത്തെ അലോട്ടുമെന്റില് നിന്ന് ചെലവഴിക്കേണ്ടി വരുകയും ചെയ്യുന്നു. സഞ്ചിത നിധിയിലേയ്ക്ക് തുക തിരികെ എടുക്കപ്പെടുന്നത് മൂലമുള്ള അപരിഹാര്യമായ നഷ്ടം ഒഴിവാക്കേണ്ടതാണ്. സംരക്ഷണഗ്രാന്റ് (റോഡ്) ഇനത്തിലെ ചെലവ് 44 ശതമാനം മാത്രമാണ്. തനതുഫണ്ടിനത്തിലും ജില്ലാപഞ്ചായത്ത് വിഹിതം ഇനത്തിലും വകയിരുത്തിയ തുകകളുടെ പകുതിപോലും ചെലവഴിക്കാനായില്ല. കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ 26 ശതമാനം മാത്രമാണ് ചെലവഴിച്ചത്. സംസ്ഥാനവിഹിതമിനത്തിൽ 20,00,000 രൂപ വകയിരുത്തിയെങ്കിലും തുക ലഭ്യമാകുകയോ ചെലവഴിക്കുകയോ ചെയ്തില്ല. അടങ്കൽ ഉയർന്നിരുന്നതിനാല് ചെലവ് 52% ല് ഒതുങ്ങി. ലഭ്യമാകുന്ന ഫണ്ടുകളുടെ ചെലവ് ശതമാനം ഉയർത്താന് ആവശ്യമായ തുടർനടപടികള് സ്വീകരിക്കേണ്ടതാണ്.

## വാർഷിക പദ്ധതി നേട്ടങ്ങള്

*കൃഷി ഓഫീസർ, വെറ്ററിനറി സർജന്, മെഡിക്കല് ഓഫീസർമാര്, ഫിഷറീസ് സബ് ഇൻസ്പെക്ടര്, ഐ.സി.ഡി.എസ് സൂപ്പർവൈസര്, ഹെഡ്മാസ്റ്റര്, ഡയറി ഫാം ഇൻസ്ട്രക്ടര്, അസിസ്റ്റന്റ് സെക്രട്ടറി എന്നിവര് ഏറ്റെടുത്ത എല്ലാ പ്രോജക്ടുകളും നടപ്പാക്കി.

*ഉൽപ്പാദന മേഖലയില് വിത്ത്, വളം വിതരണം, കുരുമുളക്, തെങ്ങ് കൃഷി വികസനം ആട് വളർത്തല്, മുട്ടക്കോഴി വിതരണം, മൽസ്യബന്ധനത്തിന് വള്ളം, വല, മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചര്, ലാപ്ടോപ്പ്, ക്ഷീര കർഷകർക്ക് പാൽ ഇൻസെന്റീവ്, കറവപ്പശു വിതരണം എന്നി പ്രോജക്ടുകൾ നടപ്പാക്കി.

*സേവനമേഖലയിൽ വിവിധ ആശുപത്രികൾക്ക് മരുന്ന് വാങ്ങല്, അനുപൂരക പോഷകാഹാരപരിപാടി, സ്കോളർഷിപ്പ്, സ്ടീറ്റ്ലൈന് എക്സ്റ്റൻഷന്, കുടിവെള്ള പൈപ്പ്ലൈന് എക്സ്റ്റൻഷന് സ്കൂള് കുട്ടികൾക്ക് പ്രഭാതഭക്ഷണം, ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം, പഠനമുറി, കുടിവെള്ള കണക്ഷന്, കട്ടില് വിതരണം തുടങ്ങി വിവിധങ്ങളായ പ്രോജക്ടുകള് നിർവ്വഹിച്ചു.

*പശ്ചാത്തല മേഖലയിൽ വിവിധ റോഡുകളുടെ ടാറിംഗ്, റീടാറിംഗ്, മതിൽ നിർമ്മാണം, അങ്കണവാടി മെയിന്റനൻസ് എന്നിവയാണ് പ്രധാനമായും നടപ്പാക്കിയത്.

## വാർഷിക പദ്ധതി കോട്ടങ്ങൾ

*നിരവധി വർഷങ്ങളിലെ പ്രോജക്ട് നിർദ്ദേശങ്ങള് പ്രകാരമുള്ള വാലേല് പാലം നിർമ്മാണം, ശ്മശാനം നിർമ്മാണം, ചെമ്പ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്നിവ നടപ്പാക്കാനായില്ല.
*പദ്ധതി നിർവ്വഹണത്തിലെ സമയക്രമം പാലിക്കാത്തതിനാല് വിവിധ ഗ്രാന്റിനത്തില് 77,26,518 രൂപ നഷ്ടമായി.
*നൂതന പ്രോജക്ടുകളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയില്ല.

## 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.3.2020ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 27,244/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയില് ബോധ്യപ്പെട്ടു.

## 1-5 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നു. വൗച്ചറുകൾ മാസാടിസ്ഥാനത്തില് ബയന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളിലെ ചെലവുകളെ സാധൂകരിക്കുന്ന അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്. എങ്കിലും ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് പാട്ടത്തിനെടുത്തവരുടെ (കുത്തകപ്പാട്ടം) കൃത്യമായ ലിസ്റ്റ് സൂക്ഷിക്കുകയോ ആയതിന്റെ കൃത്യത നിർണ്ണയിക്കാനാവശ്യമായ തുടർനടപടികള് സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആസ്തിരജിസ്റ്റര് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ നിരവധി ആസ്തികൾ ലേലം, പുനർലേലം ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കാന് തുടര് നടപടികള് സ്വീകരിച്ചില്ല. വിവിധ ക്ഷേമ പെൻഷന് അപേക്ഷകളിന്മേല് സമയബന്ധിതമായി തുടർനടപടികള് സ്വീകരിക്കുന്നില്ല.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പര് |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.1.19 | 12/18 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.2.13-6.3.13 | 2007-08 മുതല് 2011-12 വരെ | LBA(HQ)11 8A 1938/828, 9.4.13 |

## 1-7 വാർഷിക കണക്കുകളുടെ അപാകതകള്

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകള് പരിശോധിച്ചതില് കണ്ടെത്തിയ അപാകതകള് ചുവടെ ചേർക്കുന്നു.
1) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 46 പ്രകാരം 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത ചെക്കുകൾ 'liability in respect of stale cheque' എന്ന ശീർഷകത്തില് ബുക്ക് ചെയ്തിട്ടില്ല. (eg. സിൻഡിക്കേറ്റ് ബാങ്കിലെ (അക്കൗണ്ട് നം.60287) 22.12.18ലെ 942/- രൂപയുടെ ചെക്ക്).
2) വസ്തുനികുതി സംബന്ധിച്ച് വാർഷിക കണക്കുകളില് ഉൾപ്പെടുത്തിയിട്ടുള്ള തുകകള് സഞ്ചയ സോഫ്റ്റ്വെയര് പ്രകാരമുള്ള ഡി.സി.ബി. കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചര് അക്കൗണ്ടില് പ്രൊവിഷന് രേഖപ്പെടുത്തിയിട്ടില്ല.
4) ഡിപ്രീസിയേഷൻ കണക്കാക്കുന്നതില് സ്ഥാപനത്തിലെ വാഹനത്തെ ഉൾപ്പെടുത്തിയിട്ടില്ല.
5) ബി7 ഷെഡ്യൂളില് '340800101' എന്ന ഹെഡിൽ ബുക്ക് ചെയ്തിരിക്കുന്ന 'Deposit received from others' എന്ന ഇനത്തിൽ ബാലൻസുള്ള 3,000/- രൂപയുടെ കൃത്യത വിശദീകരിക്കപ്പെട്ടില്ല.
6) ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടില്ലാത്തതിനാല് പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാന് സാധിച്ചിട്ടില്ല.
7) ജി.ഒ.(എം.എസ്)152/11/തസ്വഭവ തീയതി 26.07.2011 പ്രകാരം ആസ്തികള് മൂല്യനിർണ്ണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.
8) തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക ക്യാഷ്ബുക്ക് പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-8 മൊബൈൽ ടവറുകളുടെ വസ്തുനികുതി-കുടിശിക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈല് ടവറുകളില് നിന്ന് 2013-14 സാമ്പത്തിക വർഷം മുതലുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | മൊബൈൽ ടവർ/കെട്ടിട നമ്പർ | വിസ്തീർണ്ണം(ച.മീ) | 2013-14 മുതലുള്ള കുടിശ്ശിക |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ- 7/76 എ | 14.17 | 65,478 |
| 2 | എയർസെല് ഡിഷ്നെറ്റ് വയർലസ് ലിമിറ്റഡ്- 12/395 | 61 | 2,81,820 |
| ആകെ | | | **3,47,298** |

പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയിനത്തില് 2013-14 സാമ്പത്തിക വർഷം മുതല് 2018-19 വരെ 3,47,298/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് (9/4.3.20)എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്. പരാമർശിത മൊബൈല് ടവറുകളുടെ വസ്തു നികുതി കുടിശ്ശിക അതാത് കമ്പനികളില് നിന്നും

പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-9 ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കാത്തത് സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനയ്ക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്. വാടക ഈടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങള്, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകള് മുതലായവക്ക് 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങൾ) പ്രകാരം ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ തൻവർഷം വിവാഹചടങ്ങുകൾ നടത്തുന്നതിന് താഴെ പറയുന്ന ഓഡിറ്റോറിയങ്ങൾ/ഹാൾ ഉപയോഗിച്ചതായി വിവാഹ രജിസ്റ്ററില് നിന്നും വ്യക്തമാകുന്നു എന്നാല് ഇവയുടെ വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ഓഡിറ്റോറിയം |
|---|---|
| 1 | ശ്രീ നാരായണ ഹാൾ, കാട്ടിക്കുന്ന് |
| 2 | ജഗദാംബിക ഓഡിറ്റോറിയം |
| 3 | പണ്ഢിറ്റ് കറുപ്പൻ ഓഡിറ്റോറിയം കാട്ടിക്കുന്ന് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/4.3.20) പ്രസ്തുത ഹാളുകളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പരാമർശിത ഹാളുകളുടെ ഉടമസ്ഥരില് നിന്ന് വസ്തു നികുതി ഡിമാന്റ് ചെയ്ത് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-10 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റര് പരിശോധിച്ചതില് നിന്ന് താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജിവനക്കാരില് നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പര് | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, ചെമ്പ് | 1,2 |
| 2 | പോസ്റ്റ് ഓഫീസ്, എ്വനാദി | 2 |
| 3 | ഖാദി ഓഫീസ് | 2 |
| 4 | കൊശമറ്റം ഫിനാൻസ്, ചെമ്പ് | 1,2 |
| 5 | മാവേലി സ്റ്റോർ, ചെമ്പ് | 1,2 |
| 6 | മാവേലി സ്റ്റോർ, ബ്രഹ്മ മംഗലം | 1,2 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/05.03.2020) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴില് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പരാമർശിത സ്ഥാപനങ്ങളിലെ ജിവനക്കാരില് നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റര് പരിശോധിച്ചതില് നിന്ന് താഴെ പറയുന്ന സ്ഥാപനങ്ങളില് നിന്ന് വിറ്റുവരവിനാനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കൊശമറ്റം ഫിനാൻസ്, ചെമ്പ് | 1,2 |

| | | |
|---|---|---|
| 2 | ബി.എസ്.എൻ.എൽ ഓഫീസ്, ചെമ്പ് | 1,2 |
| 3 | മാവേലി സ്റ്റോർ, ചെമ്പ് | 1,2 |
| 4 | മാവേലി സ്റ്റോർ, ബ്രഹ്മമംഗലം | 1,2 |

പരാമർശിത സ്ഥാപനങ്ങളില് നിന്ന് വിറ്റുവരവിനാനുപാതികമായ സ്ഥാപന തൊഴില് നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങള് പാലിച്ചിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പുകള് പ്രകാരം 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികള് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടങ്ങൾ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകല് ചട്ടങ്ങള് എന്ന് ഭേദഗതി ചെയ്തിട്ടുമുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തില് തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാല് നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകള് നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികള് സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളില് വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തില് ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയില് നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് അനുവദിക്കല് ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായാണോ എന്ന് ഓഡിറ്റിൽ പരിശോധിച്ചതില് താഴെ പറയുന്ന അപാകതകള് കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളില് വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ ഫീസ്

എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.

2. പുതുക്കിയ ചട്ടങ്ങൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും 2018-19 സാമ്പത്തിക വർഷം വിറ്റുവരവിന് ആനുപാതികമായാണ് ഫീസ് ഈടാക്കിയിരിക്കുന്നത്. അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

01.11.2017ൽ പ്രാബല്യത്തില് വന്ന ചട്ടം 2018-19 സാമ്പത്തിക വർഷവും നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/3.3.20) പുതുക്കിയ ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷ ഫോമുകള് ലഭ്യമല്ലായിരുന്നുവെന്നും പഞ്ചായത്ത് കമ്മറ്റിയുടെ 31.05.19 ലെ 3 നമ്പര് തീരുമാനപ്രകാരം ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങള് പാലിച്ച് ലൈസൻസ് നൽകുന്നതിന് തീരുമാനിച്ചതായും മറുപടി നൽകിയിട്ടുണ്ട്. സർക്കാര് ഉത്തരവുകള് സമയബന്ധിതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ എണ്ണത്തിലും ലൈസൻസ് ലിസ്റ്റില് ഉൾപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണത്തിലും അസ്വാഭാവീകമായ വ്യതിയാനം

സംരംഭകത്വ സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റര് പ്രകാരം തൻവർഷം 187 സ്ഥാപനങ്ങളാണ് ലൈസൻസ് അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറില് നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തില് നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങള് | 829 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതല് തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങള് | 29 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.-യിൽ കൂടുതല് തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങള് | 2 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകള് ബങ്കുകള് | 22 |

| | |
|---|---|
| ഓഫീസ് ആവശ്യം | 53 |
| വ്യവസായാവശ്യത്തിനുള്ളവ | 92 |
| ആകെ എണ്ണം | **1027** |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശം പ്രകാരം, പഞ്ചായത്ത് പരിധിയിൽ 1027 കെട്ടിടങ്ങള് വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 187 സ്ഥാപനങ്ങള് പ്രവർത്തിക്കുന്നതിന് മാത്രമെ തൻവർഷം പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി പഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയില് ഉൾപ്പെടുത്താന് ശ്രദ്ധിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രെയ്ഡേഴ്സ് ലിസ്റ്റ് ആധികാരികമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരികളെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-14 വാടക പൂർണ്ണമായി ഈടാക്കുന്നതില് വീഴ്ച

1. വാടക കുടിശിക

വാടക രജിസ്റ്റർ പരിശോധിച്ചതില് നിന്ന് താഴെ പറയുന്ന കുത്തകക്കാരില് നിന്ന് 2018-19 സാമ്പത്തിക വർഷം മുറി വാടക ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| കുത്തകക്കാരൻ | മുറി നമ്പര് | പ്രതി മാസ വാടക | കുടിശ്ശിക |
|---|---|---|---|
| പി.എൻ രഘു | 4/640 ഡി | 879 | 879*12= 10548 |
| പ്രസാദ് ആനകുത്തിയിൽ | 6/22 | 1750 | 1750*12=21000 |

2. വാടക മുൻ വർഷത്തേക്കാള് കുറഞ്ഞ നിരക്കില് ഈടാക്കി

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4/460 സി എന്ന മുറിയുടെ കുത്തക്കാരനായ ശ്രീ ശശി വലിയപറമ്പില് എന്ന വ്യക്തിയിൽ നിന്ന് 2017-18 സാമ്പത്തിക വർഷം പ്രതിമാസം 783 രൂപ നിരക്കിലാണ് വാടക ഈടാക്കിയിരുന്നത്. എന്നാൽ 2018-19 സാമ്പത്തിക വർഷം ടിയാനില് നിന്ന് പ്രതി മാസം 712 രൂപ നിരക്കിലാണ് മുറി വാടക ഡിമാന്റ് ചെയ്ത് ഈടാക്കിയിരിക്കുന്നത് .പ്രത്യേക കാരണം കൂടാതെ വാടകനിരക്കിൽ കുറവ് വരുത്തിയത് ഉചിതമായ നടപടിയല്ല.തന്മൂലമുള്ള റവന്യൂ നഷ്ടം പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറികൾക്ക് (11,12/04.03.20) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-15 ലേലം- ഫയല് പരിശോധനയില് ശ്രദ്ധിക്കപ്പെട്ട അപാകതകള്

1. ചെമ്പ് പോസ്റ്റോഫീസിന് സമീപമുള്ള പുറംപോക്ക് സ്ഥലത്തെ മാവുകളിൽ നിന്ന് മേലാദായം എടുക്കുന്നതിനുള്ള അവകാശം, മുറിഞ്ഞപുഴ എന്ന സ്ഥലത്തെ തെങ്ങുകളില് നിന്ന് മേലാദായം എടുക്കുന്നതിനുള്ള അവകാശം എന്നിവക്കായുള്ള ലേലം 05.03.18 തീയതിയിലും ബ്രഹ്മമംഗലം പി.എച്ച്.സി കോബൗണ്ട്, പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിലെ വ്യക്ഷങ്ങളില് നിന്ന് മേലാദായം എടുക്കുന്നതിനുള്ള അവകാശം, അറക്കൽ ലക്ഷം വീടു കോളനി,ചെമ്പകശ്ശേരി-പൂച്ചക്കാട് റോഡ്,ഏനാദി-മൂലേക്കടവ് ബസ് സ്റ്റാൻഡ് എന്നിവക്കു സമീപമുള്ള പുറംപോക്ക് സ്ഥലങ്ങളിലെ തെങ്ങുകളില് നിന്ന് മേലാദായം എടുക്കുന്നതിനുള്ള അവകാശം എന്നിവയ്ക്കായുള്ള ലേലം 06.03.18 തീയതിയിലും നടത്തിയെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ലേലം നടന്നില്ലയെന്ന് ലേല ഡയറി പരിശോധിച്ചതില് നിന്ന് വ്യക്തമാകുന്നു. പ്രസ്തുത ആസ്തികൾ 2018-19 സാമ്പത്തിക വർഷം പുനർലേലം ചെയ്തതായി കാണുന്നില്ല. പുനർ ലേലം നടത്തിയോ ഇതില് നിന്നുള്ള വരുമാനം നേരിട്ട് ശേഖരിച്ചോ നഷ്ടം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.അപാകതയിന്മേൽ രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.മുറിഞ്ഞപുഴ ഫിഷ് ലാന്റിംഗ് സെന്ററിന് സമീപത്തെ പണം പിരിവിനായുള്ള അവകാശം (2018-19 വർഷത്തേക്കുള്ളത്) ലേലം ചെയ്തതായി കാണുന്നില്ല.

3 ചെമ്പ് മാർക്കറ്റിലെ 1,2,3 സ്റ്റാളുകളില് 2018-19 സാമ്പത്തിക വർഷം കച്ചവടം നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തിട്ടില്ല.

4പഴയ പഞ്ചായത്ത് കെട്ടിടം ലേലം ചെയ്ത് വാടകക്ക് കൊടുത്തിട്ടില്ല.

5 പഴയ പഞ്ചായത്ത് കെട്ടിടത്തിലെ ഫർണ്ണിച്ചറുകള് മൂല്യ നിർണ്ണയം നടത്തി സ്റ്റോക്കിലെടുത്ത് ലേലം ചെയ്തിട്ടില്ല.

6 ശ്രീ ഷിബു കെ.ജെ അനധികൃതമായി നീക്കം ചെയ്ത മണ്ണിന്റെ മൂല്യമായ 7506 രൂപ ടിയാനില് നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു (30.03.19 തീയതിയിലെ 18 നമ്പര് തീരുമാനം).എന്നാൽ ആയതിന്റെ തുടർ നടപടികള് സ്വീകരിച്ചിട്ടില്ല.

7 അസി.എഞ്ചിനീയര് നിർവ്വഹണോദ്യോഗസ്ഥനായ പൊതുകുടിവെള്ള പദ്ധതികളുടെ നവീകരണം എന്ന പ്രോജക്ടില് പെടുത്തി മഹാദേവ ക്ഷേത്രക്കുളം നവീകരണം എന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചത്(ബിൽ നമ്പര് 50/25.3.19,പ്രോജക്ട് നമ്പർ-108/19,ചെലവ്-45265). പ്രസ്തുത പ്രോജക്ടിന്റെഭാഗമായി 60mm GI pipe, 50mm GI pipe, angle, mesh എന്നിവയുൾപ്പെടെ ആകെ 159.94 കി.ഗ്രാം സാധനങ്ങൾ dismantle ചെയ്ത് സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട് ( എം.ബുക്ക് 13/18-19 പേജ് നമ്പര് 2). ആയത് മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് മുതൽകൂട്ടിയതിന്റെ വിശദാംശങ്ങള് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 2/3.3.2020) നൽകുകയുണ്ടായി. ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തില് പൊളിച്ച് മാറ്റിയ

സാധനങ്ങളുടെ മൂല്യംനിർണ്ണയിച്ച ശേഷം ( 9468 രൂപ) സർവ്വേ റിപ്പോർട്ട് സഹിതം സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അസി. എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ലേലം ചെയ്ത് തുക ഈടാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

1 മുതല് 6 വരെയുള്ള അപാതകകള് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (14/04.03.20, 25/06.03.20) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് ലേലത്തിലൂടെ ലഭ്യമാവുന്ന നികുതിയേതരവരുമാനം പ്രയോജനപ്പെടുത്താന് കഴിയാത്ത സ്ഥിതി ആശാസ്യമല്ല. വിഷയം പരിഹാരനടപടികൾക്കായും വിശദീകരണത്തിനുമായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 കുത്തകപ്പാട്ടം - ആധികാരിക രേഖകളുടെ അഭാവത്തില് കുത്തകപ്പാട്ടത്തിന് നല്കിയ ഭൂമി അന്യാധീനപ്പെടുന്ന സ്ഥിതി വിശേഷം

കുത്തകപ്പാട്ടം സംബന്ധിച്ച രജിസ്റ്റർ പരിശോധനയില് കണ്ടെത്തിയ അപാകതകള് ശ്രദ്ധയിൽപ്പെടുത്തുന്നു.

1. 85-86 മുതല് 88-89 വരെയുള്ള വിവരങ്ങള് രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്ററും പുതിയ രജിസ്റ്ററുമാണ് പരിശോധനക്ക് ഹാജരാക്കിയിരിക്കുന്നത്. പ്രസ്തുത രജിസ്റ്ററുകളില് പ്രധാനപ്പെട്ട വിവരങ്ങളായ പാട്ടത്തിന് നൽകിയ തീയതി, സ്ഥലവിസ്തൃതി, പാട്ടക്കാരുമായി ഏർപ്പെട്ട കരാറിന്റെ വിശദാംശം, കുടിശ്ശിക എന്നിവ സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളുമില്ല.ഇത് സംബന്ധിച്ച ഫയലുകളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല. ആദ്യ രജിസ്റ്റര് പ്രകാരം 88-89 സാമ്പത്തിക വർഷം 84 കുത്തകപ്പാട്ടങ്ങളാണ് ഉണ്ടയിരുന്നതെങ്കിലും പുതിയ രജിസ്റ്ററിലേക്ക് ക്യാരിഓവർ ചെയ്തപ്പോള് 63 കുത്തകപ്പാട്ടങ്ങള് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുത്തകപ്പാട്ടക്കാരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കൂടാതെ പുതിയ രജിസ്റ്ററിലുള്ള മെറ്റിൽസ ജോർജ്ജ്കുട്ടി (കുത്തകപ്പാട്ട നമ്പർ kp-153/68-69), സിറിൾ വെണ്ണിക്കണ്ടത്തിൽ (കുത്തകപ്പാട്ട നമ്പർ kp-159/68-69), സുധർമ്മ ഭാരതീയം (കുത്തകപ്പാട്ട നമ്പർ kp-146/68-69) എന്നീ പാട്ടക്കാരുടെ വിവരങ്ങള് പഴയ രജിസ്റ്ററില് ഇല്ല.

2. രജിസ്റ്റർ പ്രകാരം 2018-19 സാമ്പത്തിക വർഷം കുത്തകപ്പാട്ടം ഇനത്തില് വരവൊന്നും ഇല്ല.

3.ചെമ്പ് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 12.05.15 തീയതിയിലെ 11(19) നമ്പർ തീരുമാന പ്രകാരം കുത്തകപ്പാട്ട ഭൂമി പഞ്ചായത്തിന്റ അധീനതയിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/06.03.20) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി വിവരമറിയിക്കേണ്ടതാണ്.

## 1-17 ഇ ടെണ്ടർ-ടെണ്ടർ ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല.

സ്ഥാപനം തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികള് ഇ-ടെണ്ടർ നടത്തിയതില് ടെൻഡർഫീസിനത്തില് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടില് നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങള് ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ഫാറവില(12 % ജി.എസ്.റ്റി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|---|
| 1 | 119/18-19 | അങ്കണവാടി അമ്പാട്ട് റോഡ് സൈഡ് കല്ല്കെട്ട് | 1 | 1202 | 1202 |
| 2 | 65/18-19 | ചെമ്പകശ്ശേരി പുഴക്കര റോഡ് | 2 | 2800 | 5600 |
| 3 | 51/18-19 | അറയ്ക്കൽ ഏലിയമ്മേല് റോഡ് സൈഡ് കെട്ടൽ | 2 | 1343 | 2686 |
| 4 | 67/18-19 | അയ്യൻകോവില് കാട്ടാമ്പള്ളി റോഡ് റീടാറിംഗ് | 2 | 1704 | 3408 |
| | | | ആകെ | | 12896 |

മേൽ സൂചിപ്പിച്ച തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടില് നിന്ന് തിരികെ ലഭ്യമാക്കാന് ശ്രമിക്കേണ്ടതും ജി.എസ്.റ്റി ഇനത്തിലുള്ള തുക നിശ്ചിത ശീർഷകത്തില് തിരികെ അടക്കേണ്ടതുമാണ്.ചീഫ് എഞ്ചിനീയറുടെ 17-8-2017 ലെ ഡി.ബി1/7942/10/സി.ഇ/എൽ .എസ്. ജി .ഡി സർക്കുലറിലെ നിർദ്ദേശം പാലിച്ച് ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസ് അടക്കുവാൻ കറന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

## 1-18 മഴക്കാല പൂർവ ശുചീകരണം -ചെലവ് രേഖകൾ ലഭ്യമല്ല – തുക തടസ്സപ്പെടുത്തുന്നു

വൗച്ചർ നം 21800095/ 26.05.18 തുക- 75000/-, വൗച്ചർ നം 21800289/ 7.08.18 തുക- 150000/-എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളില് 15000/- രൂപ വീതം വാർഡ് തല ശുചീകരണ പ്രവർത്തികൾക്കായി വാർഡ്തല ശുചിത്വ കമ്മറ്റിയുടെഅക്കൗണ്ടിലേയ്ക്ക് മാറി നല്കിയിട്ടുണ്ട് . ആയതിന്റെ ചെലവ് രേഖകൾ പൂർണ്ണമായും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| വാർഡ് നം. | ബാങ്ക് അക്കൗണ്ട് നം. | തുക നിക്ഷേപിച്ച തീയതി | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 3 | സിൻഡിക്കേറ്റ് ബാങ്ക്,ബ്രഹ്മമംഗലം 43562210003262 | 11.06.2018- 5000<br>30.08.2018- 10000 | തുക പിൻവലിച്ചതായി പാസ്ബുക്കില് രേഖപ്പെടുത്തിയിട്ടുണ്ട് ചെലവ് രേഖകൾ ലഭ്യമല്ല. |
| 4 | സിൻഡിക്കേറ്റ് ബാങ്ക്,ബ്രഹ്മമംഗലം 43562210003281 | 11.06.2018- 5000<br>30.08.2018- 10000 | |
| 5 | സിൻഡിക്കേറ്റ് ബാങ്ക്,ബ്രഹ്മമംഗലം 43562210006285 | 30.08.2018- 10000 | 10000/- രൂപ അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ചെലവ് രേഖകൾ ലഭ്യമല്ല. |
| 9 | സിൻഡിക്കേറ്റ് ബാങ്ക്,ബ്രഹ്മമംഗലം 43562210006437 | 30.08.2018- 10000 | |
| ആകെ | | | 50000 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 28/07.03.2020) മറുപടിലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 എസ്.സി വിഭാഗത്തിന് സ്വയം തൊഴിലിന് ഇരുചക്രവാഹന സബ്സിഡി-അധിക നിരക്ക് നൽകി

2018-19വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച എസ്.സി വിഭാഗത്തിന് സ്വയം തൊഴിലിന് ഇരുചക്രവാഹന സബ്സിഡി എന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതില് ശ്രദ്ധയിൽപ്പെട്ട അപാകതകള് ചുവടെ ചേർക്കുന്നു. പ്രോജക്ട് നമ്പര്- 3/19

ചെലവ്-3,79,900(വികസനഫണ്ട്)

| ബിൽ നമ്പര് | തുക | തീയതി |
|---|---|---|
| 3/18-19 | 73,500 | 22.09.18 |
| 7/18-19 | 34,000 | 29.09.18 |
| 8/18-19 | 36,000 | 29.09.18 |

| | | |
|---|---|---|
| 13/18-19 | 37,900 | 10.11.18 |
| 15/18-19 | 33,500 | 22.11.18 |
| 18/18-19 | 33,700 | 18.12.18 |
| 26/18-19 | 67,300 | 15.03.19 |
| 28/18-19 | 33,000 | 17.03.19 |
| 29/18-19 | 31,000 | 17.03.19 |
| ആകെ | **3,79,900** | |

എസ്.സി വിഭാഗത്തിൽപെട്ട 11ഗുണഭോക്താക്കൾക്ക് സ്വയം തൊഴില് ചെയ്യുന്നതിന് ഇരുചക്രവാഹനം വാങ്ങുന്നതിന് സബ്സിഡി നൽകുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ഗുണഭോക്താക്കൾ വിവിധ ഷോറൂമുകളില് നിന്ന് നേരിട്ട് വാഹനം വാങ്ങുകയും പർച്ചേസ് ഇൻവോയിസിന്റെ അടിസ്ഥാനത്തില് സബ്സിഡി തുക ബന്ധപ്പെട്ട ഷോറൂമുകളുടെ അക്കൗണ്ടുകളിലേക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകള് ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണവകുപ്പിന്റെ ജി.ഒ(എം.എസ്) 22/18 തീയതി 14.2.18 നമ്പര് ഉത്തരവ് പ്രകാരം വാഹന വിലയുടെ 50ശതമാനം തുകയെ സബ്സിഡി നൽകാവൂ. എന്നാൽ വാഹന വിലയോടൊപ്പം റോഡ് ടാക്സും ഇൻഷുറൻസും ചേർന്ന തുകയുടെ 50 ശതമാനം സബ്സിഡി നൽകിയതുമൂലം അധികച്ചെലവുണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് , മേൽവിലാസം | വാഹനത്തിന്റെ അടിസ്ഥാനവില | റോഡ് ടാക്സ്,ഇൻഷുറൻസ് ഉൾപ്പെടെ വില | നല്കിയ സബ്സിഡി | നല്കാവുന്ന സബ്സിഡി | അധിയകം നല്കിയ തുക |
|---|---|---|---|---|---|
| നിധീഷ് . റ്റി. എം, തുംമ്പലേശുംപടവിൽ , എനാദി | 55567 | 71988 | 35500 | 27784 | 7716 |
| നീതു.കെ.എൻ, കണിയാൻകാലായില് | 59418 | 76165 | 38000 | 29709 | 8291 |
| ശരത്ത് .സി.എം, ചക്കശ്ശേരി, ചെമ്പ് | 55567 | 68725 | 34000 | 27784 | 6216 |

| | | | | | |
|---|---|---|---|---|---|
| അഷിദ് മുരളി | 57511 | 79569 | 36000 | 28756 | 7244 |
| ഷീജ .പി.കെ | 59800 | 65888 | 37900 | 29900 | 8000 |
| സ്മിതീഷ് | 54200 | 73075 | 33500 | 27100 | 6400 |
| സുനിൽ.കെ, നന്ദന ഭവൻ | 56930 | 67960 | 33700 | 28465 | 5235 |
| ജിബോയ് കെ.റ്റി ,കൃഷ്ണന്തുരുത്ത് | 61700 | 80686 | 34000 | 30850 | 3150 |
| ദിവ്യാ മോൾ, ശിവമന്ദിരം | 60226 | 73813 | 33300 | 30113 | 3187 |
| സുധൻ, കൈതകടയിൽ | 59800 | 76996 | 33000 | 29900 | 3100 |
| ജിജു ബൈജു | 56186 | 74143 | 31000 | 28093 | 2907 |
| ആകെ | | | | | 61446 |

അധിക തുക നൽകിയത് സംബന്ധിച്ചുള്ള വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/05.03.2020 ) വ്യക്തമായ മറുപടി ലഭ്യമായില്ല. ആയതിനാൽ സബ്സിഡി ഇനത്തില് അധികമായി നൽകിയ 61,446/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതയ്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത റോഡിന് ടാറിംഗിന് തുകയനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ- | 59/19 |
| പ്രോജക്ടിന്റെ പേര്- | യു.പി സ്കൂൾ -മാണിക്കവല റോഡ് റീടാറിംഗ് |
| ചെലവ്- | 499292 |
| ബിൽ നമ്പർ- | 41/26.3.19 |
| നിർവ്വഹണോദ്യോഗസ്ഥന് | അസി.എഞ്ചിനീയർ |

| | |
|---|---|
| കരാറുകാരൻ<br><br>എം.ബുക്ക് നമ്പർ | പി ചാക്കോ<br><br>11/18-19 |
| കരാർ നമ്പര് ,തീയതി | 03/AE/LSGD/CPT/18-19 |

മേൽ പ്രോജക്ടിന്റെ നിർവ്വഹിച്ചതിന് വികസനഫണ്ടില് നിന്നും 499292 രൂപ പിൻവലിച്ച് നികുതി വിഹിതങ്ങള് കുറവുചെയ്തതിന് ശേഷം കരാറുകാരന് 473090/- രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടില് ടി റോഡ് ആസ്തിരജിസ്റ്ററിലില്ലാത്തതാണെന്ന് എ.ഇ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആസ്തി രജിസ്റ്ററിലില്ലാത്ത റോഡിനായി സംരക്ഷണഗ്രാന്റ് ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 20/4-3-2020) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്ററില് ഉൾപ്പെടുത്താന് ടി റോഡിന്റെ സാങ്കേതിക വിവരങ്ങള് പഞ്ചായത്തില് സമർപ്പിച്ചതിനുശേഷമാണ് തുക ചെലവഴിച്ചതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. നാളിതുവരെ ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റര് കാലികമാക്കിയിട്ടില്ല. ആസ്തിയിൽ ഉൾപ്പെടുത്താത്ത യു.പി സ്കൂൾ -മാണിക്കവല റോഡിനായ് ചെലവഴിച്ച 499292 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 തീരദേശ വിജ്ഞാനകേന്ദ്രം-പൂർത്തീകരണ വിവരമില്ല.

പ്രോജക്ട്നമ്പർ-164/19(സ്പിൽ ഓവർ)

ചെലവ്- 100000(വികസനഫണ്ട്)

41815 (ബ്ളോക്ക് ഷെയർ)

ബിൽ നമ്പർ-48/25.3.19

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

ജനങ്ങളുടെ വായനാശീലം വളർത്തുക, സാക്ഷരതപ്രോൽസാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 2017-18 വർഷം 600000 രൂപ അടങ്കലായി രൂപീകരിച്ച പ്രോജക്ടാണിത്. കരാറുകാരനായ റോജീസേവ്യര് എന്ന വ്യക്തിയുമായി 31.3.18 ല് കരാറിലേർപ്പെടുകയും സൈറ്റ് കൈമാറുകയും ചെയ്തു. ഏകവർഷ പ്രോജക്ടായി രൂപീകരിച്ച ടി പ്രോജക്ട് നാളിതുവരെ പൂർത്തിയായിട്ടില്ല. മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പര് 3-3-2020) നൽകുകയുണ്ടായി. തീരദേശ വിജ്ഞാനകേന്ദ്രം നിലവിൽ പൂർത്തീകരണ സ്റ്റേജിലാണെന്നാണ് മറുപടി ലഭ്യമായത്.എന്നാൽ പൂർത്തീകരണ കാലാവധി നീട്ടിനൽകി അനുബന്ധ കരാറില് ഏർപ്പെട്ടിട്ടില്ല . കെട്ടിടം പൂർത്തിയാക്കി വൈദ്യുതി

കണക്ഷനുൾപ്പെടെ ലഭ്യമാക്കി ഉപയോഗക്ഷമമാക്കിയതിന് ശേഷം വിവരം ഓഡിറ്റില് അറിയിക്കേണ്ടതാണ്.

## 1-22 മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം -തുടർ പ്രവർത്തനങ്ങളില്ല.

പ്രോജക്ട് നമ്പർ-184/19

ചെലവ്-39294(തനത് ഫണ്ട്)

ചെക്ക് നമ്പർ 2415036/29.3.19

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയര്

ചെമ്പ് മാർക്കറ്റില് പുതിയ ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിക്കുന്നതിന് ഡിസൈന് തയ്യാറാക്കുകയും മണ്ണ് പരിശോധന നടത്തുകയും ചെയ്യുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. കുറഞ്ഞ ടെണ്ടർ സമർപ്പിച്ച തുരാബ് സോയില് ഇൻവെസ്റ്റിഗേഷന്, ചെമ്പ് എന്ന സ്ഥാപനം 26.3.19 ല് അനുകൂലമായ പഠനറിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം സംബന്ധിച്ച് തുടര് നടപടികള് നാളിതുവരെ ആരംഭിച്ചില്ല.മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നമ്പർ 4/3-3-2020) നൽകുകയുണ്ടായി. സോയിൽ ടെസ്റ്റ് റിപ്പോർട്ട് സെക്രട്ടറിക്ക് തുടർനടപടിക്കായി കൈമാറിയിട്ടുണ്ടെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയര് സമർപ്പിച്ച മറുപടി. സെക്രട്ടറി എൻക്വയറിക്ക് മറുപടി നൽകിയില്ല. അപാകതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വര്ദ്ധിപ്പിക്കാൻ സഹായകമായ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം പ്രാവർത്തികമാക്കാന് ആവശ്യമായ തുടർനടപടികള് സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലില്ലാത്ത കെട്ടിടത്തിന് വൈദ്യുതീകരണം

പ്രോജക്ട് നമ്പർ-167/19

ചെലവ്-70104

ബിൽ നമ്പര് 40/22.2.19

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ബ്ളോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുള്ള വി.ഇ.ഒ ഓഫീസ് വൈദ്യുതീകരിക്കാനാണ് പ്രോജക്ട് രൂപീകരിച്ചത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സി.എൻ ബാലകൃഷ്ണന്, അശ്വിന് അസോസിയേറ്റ്സ് എന്നയാളാണ് പ്രവൃത്തി നിർവ്വഹിച്ചത്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലില്ലാത്ത കെട്ടിടം വൈദ്യുതീകരിക്കാൻ വികസനഫണ്ട് വിനിയോഗിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടും ടി കെട്ടിടത്തിന് വൈദ്യുതികണക്ഷൻ ലഭിച്ചതിന്റെയും കറന്റ് ചാർജ് അടവാക്കുന്നതിന്റെയും രേഖകള് ലഭ്യമാക്കുവാനാവശ്യപ്പെട്ടും ഓഡിറ്റ് എൻക്വയറി (നമ്പർ 5/3-3-2020) നൽകുകയുണ്ടായി. വി.ഇ.ഒ ഓഫീസിന് വൈദ്യുതികണക്ഷൻ നാളിതുവരെ ലഭിച്ചിട്ടില്ല എന്ന മറുപടി മാത്രമാണ് ലഭിച്ചത്.ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലില്ലാത്ത കെട്ടിടത്തിന് വൈദ്യുതീകരണം നടത്തിയതിന്റെ വിശദീകരണം മറുപടിയില് ഉൾപ്പെട്ടിട്ടില്ല ആയതിനാല് ഈ പ്രോജക്ടിനായി ചെലവഴിച്ച 70104 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നവർക്ക് ആനുകുല്യം നൽകി.

പ്രോജക്റ്റ് നം-54/19

പ്രോജക്റ്റ്- ഗാർഹിക ജൈവ കംബോസ്റ്റ് - ബയോബിന് വിതരണം.

ചെലവ്-135000/-(ബിൽനം-14/18-19,23.10.18-23760/-

ബിൽനം-16/18-19,27.11.18-43740/-

ചെക്ക് നം-2415010/22.11.18 67500/-
നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

മേൽ പ്രോജക്റ്റ് പ്രകാരം പഞ്ചായത്തിലെ ഭൂരിഭാഗം ഗുണഭോക്താക്കളെയും ഉറവിട മാലിന്യ സംസക്കരണ പദ്ധതിയില് ഉൾപ്പെടുത്തി വീടുകളില് ഗാർഹിക ജൈവ കംബോസ്റ്റ് - ബയോബിന് യൂണിറ്റ് സ്ഥാപിച്ചുനൽകുന്നതിനായിരുന്നു പ്രോജക്റ്റ് ആവിഷ്ക്കരിച്ചിരുന്നത്. ഇതു പ്രകാരം ഒരു ജൈവ കംബോസ്റ്റ് - ബയോബിന് യൂണിറ്റിന് 1800/- രൂപ നിരക്കിൽ (900ഗുണഭോക്തൃവിഹിതം+900പദ്ധതി വിപിതം) എം ആർ റ്റി സി (പി എം യൂണിറ്റ് )പാലക്കാട് എന്ന സ്ഥാപനം മുഖേന 75 യൂണിറ്റ് സ്ഥാപിച്ചു നൽകിയിട്ടുണ്ട്. ഇതിൽ 22 ഗുണഭോക്താക്കള് ഗുണഭോക്തൃ ലിസ്റ്റില് ഉൾപെട്ടിരുന്നില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-19/4.03.2020) മാലിന്യ സംസ്ക്കരണ പദ്ധതിയായതിനാല് ഭൂരി ഭാഗം വ്യക്തികളെയും ഉൾപ്പെടുത്തിയാണ് പ്രോജക്ട് ആരംഭിച്ചത് എന്നും എന്നാല് ഗുണഭോക്തൃവിഹിതം അടക്കേണ്ടിവന്നതിനാൽ ഗുണഭോക്താക്കളുടെ എണ്ണത്തില് കുറവുണ്ടായെന്നും മറുപടി ലഭ്യമായി. അതുകൊണ്ടാണ് ലിസ്റ്റിൽ ഉൾപ്പെടാതെ ഗുണഭോക്തൃ വിഹിതം അടവാക്കുന്ന ആളുകൾക്ക് ബയോബിന് വിതരണം ചെയ്തത് എന്നും ടി

ഗുണഭോക്താക്കളെ തൊട്ടടുത്ത ഗ്രാമസഭയിൽ അംഗീകരിക്കുന്നതാണന്നും മറുപടി നൽകി. ആയതിനാൽ 22 ഗുണഭോക്താക്കളെ അടുത്ത ഗ്രാമസഭയിൽ അംഗീകരിച്ച് സാധൂകരണം വാങ്ങേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. ചെലവഴിച്ച 135000/- രൂപയില് 22പേർക്ക് ചെലവഴിച്ച 19800/-രൂപ തടസപ്പെടുത്തുന്നു.ആനുകൂല്യം കൈപ്പറ്റിയവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. അജിത തെക്കേമഠത്തിൽ-8
2. സുശീല ജനാർദ്ദനന് ,ഇടത്തിപ്പറമ്പിൽ-9
3. ഹരിദാസൻ നികർത്തിൽ-2
4. സരസമ്മ നെടിയ തുരുത്ത്-2
5. പ്രസന്ന പി മത്തായി-4
6. ശ്രീജ കുമ്പള ശേരില്-13
7. ഹയറുന്നീസ ബീഗം,കളരിക്കൽ-13
8. മീനാറാണി ആർ മനുസ്മൃതി-13
9. ആനിമാത്യു, വിളയം കോട്ടിൽ-13
10. ജിനു എം എസ്,ശിവകൃപ-14
11. ബീന ബി എസ്, ശ്രീഭവൻ-14
12. ഷാജി ,പൂക്കൈത-19
13. വി ആർ രമണന് വടക്കേ പുത്തൻതറ-19
14. ബിന്ദു ആർ ശ്രീകൃഷ്ണ വിലാസം-13
15. അനിൽകുമാര് സ്വപ്നഹൗസ്-13
16. ഷിനുഗോപി,കൃഷ്ണ നികുഞ്ചം-4
17. ലീലാമ്മ വാലേച്ചിറ-3
18. ജമീല അപ്പുക്കുട്ടൻപണിക്കവീട്-11
19. പ്രദീപ് ഇടയത്ത്-11
20. ഷാജിമോൻ ഋഷികേശം-13
21. സുഭാഷ് തെക്കെ പറമ്പിൽ-3
22. സുധീർ വി ജെ വല്യകാട്ടിൽ-8

മേൽ വിവരിച്ച ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയത് സംബന്ധിച്ച് ഗ്രാമസഭയുടെ സാധൂകരണം വാങ്ങി രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-25 വിവിധ ഡെപ്പോസിറ്റ് വർക്കുകൾ-നാളിതുവരെ പൂർത്തിയാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല.

- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷന് (പ്രോജക്ട് നമ്പർ 13/19) എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 1300000 രൂപ ബിൽ നമ്പര് 18/24.9.18 പ്രകാരം പിൻവലിച്ച് കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തു. കരാർ പ്രകാരം 25.3.19 ല് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
- പൈപ്പ് ലൈൻ എക്സ്റ്റൻഷന് (പ്രോജക്ട് നമ്പർ 91/19) എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 150000 രൂപ ബിൽ നമ്പര് 35,36/13.1.19 പ്രകാരം പിൻവലിച്ച് വാട്ടര് അഥോറിറ്റിയില് ഡെപ്പോസിറ്റ് ചെയ്തു. കരാര് പ്രകാരം 25.3.19 ല് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ 5/3-3-2020) നൽകുകയുണ്ടായി. 13/19 എന്ന പ്രോജക്ടിനായി 1354994 രൂപ കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്തെങ്കിലും തൻവർഷം 13 ലക്ഷം മാത്രമാണ് നൽകാനായതെന്നും ബാക്കിതുക 19-20 വർഷത്തെ പ്രോജക്ടിലാണ് നൽകിയതെന്നും നിർവ്വഹണം പുരോഗമിക്കുകയാണെന്നും മറുപടി ലഭ്യമാക്കി. രണ്ട് പ്രോജക്ടിന്റെയും നിർവ്വഹണത്തിനുശേഷം വിനിയോഗസാക്ഷ്യപത്രം ഓഡിറ്റില് ലഭ്യമാക്കേണ്ടതാണ്.ആയതിലേക്കായി 1450000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ- പൂർണ്ണമായി നടപ്പാക്കിയില്ല

പ്രോജക്ട് നമ്പർ-15/19

ചെലവ്-106821 (വികസനഫണ്ട്)

7554(തനത് ഫണ്ട്)

ബിൽ നമ്പർ-50/26.3.19

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് പോസ്റ്റ് ഒന്നിന് 117 രൂപ നിരക്കില് ക്വോട്ട് ചെയ്ത ശ്രീ അനില് കുമാര്, കൊല്ലംതടത്തിലിന്റെ ടെണ്ടർ 20.2.19 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു. 249

പോസ്റ്റുകളിലെ ലൈറ്റ് റിപ്പയർ ചെയ്തതിന് മെമ്പർമാരുടെ സാക്ഷ്യപത്രമനുസരിച്ച് ടിയാന് 29133 രൂപ നൽകിയിട്ടുണ്ട്. എല്ലാ വാർഡുകളിലും ലൈറ്റ് റിപ്പയര് ചെയ്തിട്ടില്ല. കരാർ പ്രകാരം 94184 രൂപയുടെ റിപ്പയര് സാമഗ്രികള് ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. ആയതിന്റെ പർച്ചേസ് ബില്ലുകള് പ്രകാരം 525 എൽ.ഇ.ഡി ലൈറ്റുകളും അനുബന്ധഉപകരണങ്ങളുമാണ് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ എല്ലാ വാർഡിലും തെരുവുവിളക്കുകള് റിപ്പയര് ചെയ്യുകയോ പുതിയ ലൈറ്റ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ 5/3-3-2020) നൽകുകയുണ്ടായി. ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ ടി വിഷയം അവതരിപ്പിച്ചതില് അപാകതകള് പരിഹരിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് മുഴുവന് വാർഡിലും ലൈറ്റ് റിപ്പയര് ചെയ്തശേഷം ആധികാരികമായ സാക്ഷ്യപത്രം സഹിതം ഓഡിറ്റിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 കന്നുകുട്ടി പരിപാലന പദ്ധതി അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്റിനറി സർജന്
പ്രോജക്ട് നം.78/19

ചെലവ് - 30,0000(വികസനഫണ്ട്)

പ്രോജക്ടിലുൾപ്പെട്ട 24ഗുണഭോക്താക്കളുടെ 4-6 മാസം വരെയുള്ള കിടാരികൾക്ക് 32 മാസം വരെയോ, പ്രസവം വരെയോ 25% സബ്സിഡി നിരക്കില് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ടിന്റെ പഞ്ചായത്ത് വിഹിതം 6250രൂപ വീതം 300000/-രൂപ(ബിൽ നം.01/11.12.2019)അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബ്രഹ്മമംഗലം ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നം കെ.53.( ഡി) മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്. സഹകരണസംഘത്തിന്റെ വിതരണരജിസ്റ്റർ പരിശോധിച്ചതില് താഴെപ്പറയുന്ന ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-23/5.03.2020) മൂന്ന് ഗുണഭോക്താക്കൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാലാണന്ന് മറുപടി നൽകി. ആയതിനാൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കള് കാലീത്തിറ്റ വാങ്ങുന്നതിനുള്ള നടപടികള് സ്വീകരിക്കുകയോ അല്ലങ്കില് ഇവർക്കായി നല്കിയ തുക തിരികെ സർക്കാരിലേക്ക് അടവാക്കുകയോ ചെയ്യേണ്ടതാണ്.പദ്ധതിക്ക് നല്കിയിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റില് ഹാജരാക്കുന്നതു വരെ 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ഗുണഭോക്താവിന്റെ പേര് | കാലയളവ് |
|---|---|
| ചിന്നു രാജപ്പൻ,മുണ്ടാറ്റില് | 12/19 |
| കാർത്തിയായനി,ദേവസ്വംകരി | 01.2020,02/2020 |

| | |
|---|---|
| ശ്രീകല ചന്ദ്രശേഖരൻ,ചന്ദ്രവിലാസം | 02/2020 |
| സ്മിത,ചിറയിൽ | 2/19,01.2020,02/2020 |

## 1-28 തുല്യതാ വിദ്യാഭ്യാസ പദ്ധതി- രേഖകള് പൂർണ്ണമല്ല

പ്രോജക്ട് നമ്പർ-35/19

നിർവ്വഹണോദ്യോഗസ്ഥൻ--ഹെഡ്മാസ്റ്റര്

ചെലവ്-55000(വികസനഫണ്ട്)

ബിൽ നമ്പർ-8/18-19 തീയതി 28.2.19

+1, +2 തുല്യതാ പരീക്ഷയ്ക്ക് കോഴ്സ് ഫീസ് ഇനത്തില് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | പഠിതാക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| +1 തുല്യതാ പരീക്ഷ ജനറല് വിഭാഗം | 12 | 30000 (2500 x12) |
| +1 തുല്യതാ പരീക്ഷ എസ്.സി വിഭാഗം | 7 | 2100 (300 x7) |
| +2 തുല്യതാ പരീക്ഷ ജനറല് വിഭാഗം | 12 | 23400 (1950 x12) |

തുക സാക്ഷരതാമിഷന് കൈമാറുകയും ചെയ്തു. +2 തുല്യതാ പരീക്ഷ ജനറല് വിഭാഗം പഠിതാക്കള് പഠനത്തിനായി രജിസ്റ്റർ ചെയ്തതിന്റെയും പരീക്ഷയെഴുതിയതിന്റെയും രേഖകള് ഫയലില് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ +1 തുല്യതാ പരീക്ഷ ജനറൽ വിഭാഗം, എസ്.സി വിഭാഗം പഠിതാക്കൾ രജിസ്റ്റര് ചെയ്തതിന്റെയും പരീക്ഷയെഴുതിയതിന്റെയും രേഖകള് ഓഡിറ്റിന് ലഭ്യമായില്ല.അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നമ്പർ6/3-3-2020). രേഖകൾ ഓഡിറ്റില് ലഭ്യമാക്കാമെന്ന് നിർവ്വഹണോദ്യോഗസ്ഥന് മറുപടി നല്കിയെങ്കിലും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ +1 തുല്യതാ പരീക്ഷക്ക് ചെലവഴിച്ച 32100 രൂപയുടെ (30000 + 2100) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ഗ്രാമപഞ്ചായത്തിന് കൈമാറിയ വസ്തുവകകള് നടപടിക്രമങ്ങള് പാലിച്ച് ആസ്തിയാക്കേണ്ടതാണ്

2018-19 വർഷം വിവിധ റോഡ് നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് നിരവധി വ്യക്തികള് ഗ്രാമപഞ്ചായത്തിന് വസ്തുവകകള് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജനറൽ കമ്മറ്റി തീയതി | തീരുമാനം |
|---|---|
| 4.07.18 ലെ 21 | പന്ത്രണ്ടാം വാർഡിലെ ചെറുകര റോഡ് നിർമ്മാണം-10 വീട്ടുകാര് സ്ഥലം വിട്ടുനൽകാന് സമ്മതപത്രം നൽകി. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കാൻ തീരുമാനം. |
| 29.09.18 ലെ 16 | പത്താം വാർഡിലെ കൃഷ്ണൻതുരുത്ത് പ്രദേശത്ത് പാലവും റോഡും നിർമ്മിക്കാന് സ്ഥലം വിട്ടുനൽകാന് 30 പേര് സമ്മതപത്രം നൽകി. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കാൻ തീരുമാനം. |
| 5.10.18 ലെ 14 | ഏനാദിയിലെ ത്രിവേണി പാലം- 12 പേര് റോഡിന് വീതികൂട്ടാന് സ്ഥലം വിട്ടുനൽകി. |
| 31.10.18 ലെ 17 | രണ്ടാം വാർഡിലെ ഇടത്തിച്ചിറ എസ്.സി കോളനിയിലേക്ക് വഴി-13 പേര് സ്ഥലം വിട്ടുനൽകാന് സമ്മതപത്രം നൽകി. |
| 31.10.18 ലെ 26 | പതിനഞ്ചാം വാർഡിലെ സദാനന്ദന് നായ്ക്ക് റോഡ് കോളനിയിലേക്ക് വഴി-12 പേര് സ്ഥലം വിട്ടുനൽകാന് സമ്മതപത്രം നൽകി. |
| 1.2.19 ലെ 30 | ഒന്നാം വാർഡിലെ കാട്ടിക്കുന്ന് ഭാഗം കൊച്ചുമഠത്തില് റോഡ്-വിട്ടുകിട്ടിയ ഭൂമി ആസ്തിയാക്കാൻ തീരുമാനം. |
| 30.3.19 ലെ 11 | മുറിഞ്ഞപുഴ പാലത്തിന് തെക്കുവശത്തുള്ള റോഡും പുറമ്പോക്ക് ഭൂമിയും |
| 30.3.19 ലെ 13 | ചെമ്പ് ഷോപ്പിംഗ് കോംപ്ളക്സിനായി മുറിഞ്ഞപുഴയിലെ സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ തഹസിൽദാർക്ക് കത്ത് നൽകാന് തീരുമാനം. |

മേൽ സൂചിത കമ്മറ്റി തീരുമാനങ്ങള് നടപ്പാക്കിയതിന്റെയും വിട്ടുകിട്ടിയ ആസ്തികള് പോക്കുവരവ് ചെയ്ത് ആസ്തിയാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1/3-3-2020) മറുപടി ലഭ്യമായില്ല. വിട്ടുകിട്ടിയ സ്ഥലങ്ങള് പോക്കുവരവ് ചെയ്ത് ആസ്തിയാക്കിയശേഷം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഫിറ്റ്നെസ്സില്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികള്

2019-20 വർഷത്തില് ചുവടെ ചേർക്കുന്ന അങ്കണവാടികള് ഫിറ്റ്നെസ്സില്ലാതെ പ്രവർത്തിക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

| അങ്കണവാടി നമ്പർ | വാർഡ് |
|---|---|
| 109 | 2 ,വാടകയ്ക് പ്രവർത്തിക്കുന്നു. |

| | |
|---|---|
| 127 | മണിയാകുന്ന് -വാടകയ്ക് പ്രവർത്തിക്കുന്നു. |
| 28 | 10, തുരുത്തുമ്മ |
| 25 | 11, മുറിഞ്ഞപുഴ |
| 111 | 13, ചെമ്പ് |

അങ്കണവാടി നമ്പർ 26,27,128,30,141,32,112,113 എന്നിവ മെയിന്റനൻസ് നടത്തണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ആകെ 20 അങ്കണവാടികൾ ഉള്ളതില് 7 എണ്ണം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസറില് നിന്ന് ലഭ്യമായ വിവരം .അൺഫിറ്റായ അങ്കണവാടികളുടെ ഫിറ്റ്നെസ്സ് നിലവാരം ഉയർത്താന് സ്വീകരിച്ച നടപടികളും മെയിന്റനൻസ് നടത്തണമെന്ന് ശുപാർശ ചെയ്ത അങ്കണവാടികള് നന്നാക്കാന് സ്വീകരിച്ച നടപടികളും വാടകകെട്ടിടത്തില് പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്താന് സ്വീകരിച്ച നടപടികളും അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പര് 17/4-3-2020 ) വ്യക്തമായ മറുപടി ലഭ്യമായില്ല. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റില് അറിയിക്കേണ്ടതാണ്.

## 1-31 ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകള് - സമയബന്ധിതമായി തീർപ്പാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷാ രജിസ്റ്റര് പരിശോധിച്ചപ്പോള് അപേക്ഷ ലഭിച്ച് 40-45 ദിവസത്തിനുള്ളിൽ പെൻഷന് അനുവദിക്കേണ്ടതോ തീർപ്പാക്കേണ്ടതായതോ ആയ പല അപേക്ഷകളും നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കാത്തതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഗുണഭോക്താവിന്റെ പേര് | അപേക്ഷ കിട്ടിയ തീയതി | അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തീയതി | തീർപ്പാക്കിയ തീയതി |
|---|---|---|---|---|
| വാർദ്ധക്യകാല പെൻഷന് | കുമാരി, കൂമ്പേൽ, ചെമ്പ് | 30.5.18 | 2.06.18 | 10.01.19 |
| | സുരേഷ്.പി, കോയിക്കിലേത്ത് ,എനാദി | 30.05.18 | 30.06.18 | 10.01.19 |
| | ഭരതന്. കെ.പി, കരിക്കോണത്ത്, ചെമ്പ് | 04.06.18 | 04.06.18 | 10.01.19 |

| | | | | |
|---|---|---|---|---|
| | എബ്രഹാം ,<br>മണിയൻകുന്നേല് | 5.06.18 | 30.06.18 | 10.01.19 |
| | രാജൻ, കണ്ടനാട്ട് പറമ്പ് | 12.06.18 | 30.6.18 | 10.01.19 |
| | മറിയം .റ്റി, കൊമ്പറമ്പിൽ | 16.6.18 | 30.6.18 | 10.01.19 |
| | ലൈല. യു.എ), പനച്ചിക്കൽ | 16.6.18 | 30.6.18 | 10.01.19 |
| | ഫിലോമിന ജോർജ്ജ്, ജ്യോതീസ് ഭവൻ | 19.06.18 | 30.06.18 | 10.01.09 |
| | നാരായണൻ പ്രകാശന്, പുതുവൽ നികർത്തില് | 21.06.18 | 21.06.018 | 10.01.09 |
| കർഷകത്തൊഴിലാളി പെൻഷന് | വി.കെ സുരേന്ദ്രൻ, വേലിയ്ക്കകത്ത് | 12.11.18 | 28.11.18 | 26.06.19 |
| | സരളമ്മ അർജുന് | 14.11.18 | 28.11.18 | 26.06.19 |
| | തങ്കമ്മ, പാലേകാട് | 21.01.19 | 29.01.19 | 26.06.19 |
| | ചന്ദ്രിക, പടിഞ്ഞാറേ കത്ത് | 30.01.19 | 02.02.19 | 26.06.19 |
| വിധവാ പെൻഷന് | ഗോമതി.എൻ.എസ്, കൊട്ടാരത്തിൽ | 12.06.18 | 02.7.18 | 29.11.18 |
| | രഞ്ജുഷ, മംഗലത്ത് | 14.6.18 | 15.10.18 | 29.11.18 |
| | ബീന രാജു, പുത്തൻ കരിയിൽ | 14.06.18 | 2.07.18 | 29.11.18 |

അപേക്ഷകൾ സമയബന്ധിതമായി അന്വേഷണോദ്യോഗസ്ഥന് കൈമാറേണ്ടതും നിശ്ചിത സമയത്തിനുള്ളില് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി പെൻഷന് അപേക്ഷകള് തീർപ്പാക്കേണ്ടതുമാണ്. പെൻഷന് അപേക്ഷകള് അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുവാനും റിപ്പോർട്ട് തിരികെ ലഭിക്കുവാനും കാലതാമസം നേരിടുന്നുണ്ട് . അപാകത പരിഹരിച്ച് ക്ഷേമപെൻഷനുകളുടെ അപേക്ഷകളിന്മേല് സമയബന്ധിത തുടർനടപടികള് സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 അഗതിരഹിത കേരളം - പ്രവർത്തനം മന്ദഗതിയില്

അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ സർവേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിരുന്നു (തീരുമാനം നമ്പര്-8.10.2018 ലെ 1). ടി ലിസ്റ്റിൽ ആകെ 145 കുടുംബങ്ങള് ഉൾപ്പെട്ടിരുന്നു.3982440 രൂപ ചലഞ്ച് ഫണ്ടും 7090000 രൂപ വികസനഫണ്ടും ഉൾപ്പെടെ 11072440 രൂപ അടങ്കല് നിശ്ചയിച്ചാണ് പുതിയ പ്രോജക്ട് തയ്യാറാക്കിയത്.

ആശ്രയ ആദ്യ രണ്ട് ഘട്ട പ്രോജക്ടുകളിൽ അക്കൗണ്ടുകളില് ബാലൻസുണ്ടായിരുന്ന തുകകള് പുതുതായി ആരംഭിച്ച അക്കൗണ്ടിലേയ്ക്ക്(അക്കൗണ്ട് നമ്പർ43562010001791) ട്രാൻസ്ഫര് ചെയ്തിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | അക്കൗണ്ട് നമ്പർ,ബാങ്ക് | തുക പിൻവലിച്ച തീയതി | തുക |
|---|---|---|---|
| ഒന്നാം ഘട്ടം | 43562200048605<br><br>സിൻഡിക്കേറ്റ് ബാങ്ക് | 14.5.19 | 1651964.19 |
| രണ്ടാം ഘട്ടം | 43562200061868<br><br>സിൻഡിക്കേറ്റ് ബാങ്ക് | 14.5.19 | 946610.89 |

2018-19 വർഷം വികസനഫണ്ടിൽനിന്ന് 4 ലക്ഷം രൂപ പ്രോജക്ടിനായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല. മുൻകൂറായി വികസനഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടില് സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല.അപാകതകൾ പരിഹരിച്ച് പ്രോജക്ടിന്റെ നിർവ്വഹണം ത്വരിതപ്പെടുത്തേണ്ടതാണ്.. ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികള് സ്വീകരിച്ച് ഓഡിറ്റില് വിവരമറിയിക്കേണ്ടതാണ്.

## 1-33 വയബിലിറ്റി ഗ്യാപ്പ് ഫണ്ട്-ഹരിത കർമസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല

പ്രോജക്ട് നമ്പർ-190/19

ചെലവ്-47560/-(വികസനഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്ന ഹരിതകർമ്മസേന പ്രവർത്തകർക്ക് വേതനവും മാലിന്യശേഖരണത്തിന് ഉപയോഗിക്കുന്ന വണ്ടിക്ക് കൂലിയും നൽകാനാണ് ടി പ്രോജക്ട് രൂപീകരിച്ചത്. ഒരു വാർഡില് നിന്നും 2 പേരെ വീതം 14

പേരെ ഉൾപ്പെടുത്തി ഹരിതകർമ്മസേന രൂപികരിച്ചിട്ടുണ്ട്. തൻ വർഷം വേതനം വണ്ടിക്കൂലി, യൂണീഫോം, നോട്ടീസ് പ്രിന്റിംഗ് ഇനങ്ങളിലായി 47560/- രൂപ ചെലവഴിച്ചു. യൂസർഫീ ഇനത്തില് വീടുകളില് നിന്നും കളക്ട് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | തുക |
|---|---|
| 08/19 | 9870 |
| 12/19 | 4990 |
| 01/2020 | 17872 |
| ആകെ | **32732/-** |

08/19 മുതല് 01/2020 വരെ **32732/-** രൂപയാണ് യൂസർഫീ ഇനത്തിലെ വരവ്. 27.08.19 ല് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിന്റെ വിനിമയത്തിനായി പുതിയ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (നമ്പർ 43562010001898 സിൻഡിക്കേറ്റ് ബാങ്ക് ,ചെമ്പ്) . നിലവിലെ യൂസർഫീ കളക്ഷന് ടി പ്രവർത്തനത്തിന് അപര്യാപ്തമാണെന്നാണ് നിർവ്വഹണഉദ്യോഗസ്ഥന് അഭിപ്രായപ്പെട്ടത്. തന്മൂലമാണ് മാലിന്യം കാര്യക്ഷമമായ രീതിയില് ശേഖരിക്കാന് കഴിയാത്ത അവസ്ഥ സംജാതമായത്.തുടർവർഷങ്ങളില് ഈ അവസ്ഥ ഒഴിവാക്കപ്പെടേണ്ടതുണ്ട്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 ലൈഫ് ഭവന പദ്ധതി -ചില ഗുണഭോക്താക്കൾ വീടുകളുടെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

പ്രോജക്റ്റ് നം-188/19

പ്രോജക്റ്റ് - ലൈഫ് ഭവന നിർമ്മാണം എസ് സി പി.

മേൽ പ്രോജക്റ്റ് പ്രകാരം 16 ഗുണഭോക്തക്കള് ഭവന നിർമ്മാണത്തിന് കരാർവെച്ചിരുന്നു. ധനസഹായം കൈപ്പറ്റിയ 13 ഗുണഭോക്തക്കൾ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. 40000/രൂപ വീതം ആദ്യഗഡു ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളായ 1)ചന്ദ്രികചന്ദ്രൻ,ചെറുതുരുത്തിൽ(40000/7.9.2018),2)സുനിമോൾ കൊച്ചുപറമ്പ്(40000/27.10.2018), 3) സലജ ജയൻ(40000/15.12.2018) എന്നിവർ നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-18/4.3.2020) ചന്ദ്രിക നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും സുനിമോള് എന്നഗുണഭോക്തവിനെ ലൈഫ് മിഷന്റെ ഓഫീസർമാര് നേരിൽക്കണ്ട് നിർമ്മാണം ആരംഭിക്കാത്ത പക്ഷം ആര് ആര് നടപടിസ്വീകരിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ടെന്നും സലജ ജയന് വസ്തു സംബന്ധിച്ചു കേസു നിലനിൽക്കുന്നതിനാലുമാണ് നിർമ്മാണം ആരംഭിക്കാത്തതെന്നും മറുപടി ലഭിച്ചിട്ടുണ്ട്. ചന്ദ്രിക ചന്ദ്രന്റെ ഭവനനിർമ്മാണ പുരോഗതി അറിയിക്കുകയും സുനിമോള്

കൊച്ചുപറമ്പ്, സലജ ജയൻ എന്നിവര് ഭവനനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികള് സ്വീകരിക്കുകയൊ ചെയ്യേണ്ടതാണ് അല്ലാത്തപക്ഷം തുക പലിശസഹിതം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2)പ്രോജക്റ്റ് നം-73/19

പ്രോജക്റ്റ് - ലൈഫ് മിഷന് ഭവന നിർമ്മാണം ജനറല്

മേൽ പ്രോജക്റ്റ് പ്രകാരം 96 ഗുണഭോക്താക്കള് ഭവന നിർമ്മാണത്തിന് കരാര് വെച്ചിരുന്നു. ഇതിൽ 93 ഗുണഭോക്താക്കള് ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. മൂന്ന് ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-18/4.3.2020) ലതിക സോമൻ,രേഖ ഹരിഷ് എന്നിവരുടെ ഭവന നിർമ്മാണം അന്തിമഘട്ടത്തിലാണെന്നും സീനാ ബിജുവിന് സാമ്പത്തിക പ്രതിസന്ധി മൂലം ഭവന നിർമ്മാണം പൂർത്തികരിക്കാന് കഴിയാത്ത അവസ്ഥയിലുമാണെന്ന് മറുപടി നൽകി. തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാന് അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | ഘട്ടം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ലതിക സോമൻ | ലിന്റൽ | 360000/- |
| 2 | രേഖ ഹരിഷ് | ലിന്റൽ | 360000/- |
| 3 | സീന ബിജു- | ലിന്റൽ | 300000/- |

മേൽ പട്ടികയില് സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 തൊഴിലുറപ്പ് പദ്ധതി അവലോകനം.

തൊഴിലുറപ്പു പദ്ധതിയുടെ 2018-19 വർഷത്തെ ലേബര് ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 15 ലേബര് ഗ്രാമസഭകള് കൂടുകയും ലേബര് ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ആക്ഷന് പ്ലാന് പ്രകാരം ആകെ1202പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 300 പ്രോജക്ടുകളില് 208 എണ്ണവും തൻവർഷം നടപ്പിലാക്കി. 2018-19 വർഷം 118100തൊഴിൽദിനങ്ങള് സൃഷ്ടിക്കപ്പെട്ടു. 1649 കുടുംബങ്ങള് പദ്ധതിയുമായി സഹകരിച്ചു. ജലസേചന കനാല്, തരിശുഭൂമി കൃഷിയോഗ്യമാക്കല്, റോഡ് കോൺക്രീറ്റ് , തൊഴുത്ത്

നിർമ്മാണംതോട് ആഴം കൂട്ടല് എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷന് 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങള്

മേൽ പരാമർശിത നിയമവ്യവസ്ഥകള് പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങള് ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളില് പരാമർശിക്കുന്ന അപാകതകളിന്മേല് ഭരണതല തുടർനടപടികള് സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടര് നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങള്

**[KLFA Act 1994 സെക്ഷന് 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങള്

മേൽ പരാമർശിത നിയമവ്യവസ്ഥകള് പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങള് ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികള് സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകള് പരിശോധിച്ച തീയതി |
|---|---|
| 2018-19 | 24-5-2019,25-05-2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 03-06-2019 ലെകെ എസ് എ/കെ റ്റി എം പി6-748/2019 നമ്പരായി വിശേഷണങ്ങളോടു

കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയുടെ ഇൻകം ആന്റ് എക്സ്പെൻഡീച്ചര് അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ് ,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 347891 (**) | ലൈഫ് മിഷൻ ഭവന നിർമ്മാണം | 345000 | 2891 |
| | 2549000 | ലൈഫ് മിഷന് ഭവന നിർമ്മാണം | 2549000 | 0 |
| | 1001580 | ലൈഫ് മിഷൻ ഭവന നിർമ്മാണം- എസ്.സി.പി | 1001580 | 0 |
| | 212500 | ശാരിരക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 212500 | 0 |
| ആകെ | 4110971 | | 4108080 | 2891 |
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 500000(**) | തീരദേശ വിജ്ഞാന കേന്ദ്രം | 41815 | 458185 |
| | 100000 | നെൽ കൃഷിക്ക് വിത്തും വളവും | 100000 | 0 |
| | 50000 | അംഗനവാടി പൂരക പോഷകാഹാരം | 50000 | 0 |
| | 100000 | ശാരിരക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 1062266 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 1062266 | 0 |
| | 366153 | ലൈഫ് മിഷൻ ഭവന നിർമ്മാണം- എസ്.സി.പി | 366153 | 0 |
| ആകെ | 2178419 | | 1720234 | 458185 |
| ** 2017-18 സാമ്പത്തിക വർഷം ലഭിച്ച തുക | | | | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങള്

ഓഡിറ്റ് വർഷത്തില് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂര് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂര് നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്ലൈന് എക്സ്റ്റൻഷന് | 1300000 | 0 | 1300000 |
| കെ.ഡബ്ല്യു.എ | പൈപ്പ് ലൈൻ നീട്ടല് | 150000 | 0 | 150000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷന് അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാന് അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തില് തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 100/2018, 30.07.2018 | 19760000 | - | - | - | 19760000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തില് ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 431384.25 |
| തൻവർഷം നിക്ഷേപിച്ച തുക | 38751 |

| | |
|---|---|
| ആകെ | 470135.25 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപം | 470135.25 |

വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സർവ്വീസ് സഹകരണ സംഘം എഫ്.ഡി നം3435 | 469313/- |
| പോസ്റ്റ്ഓഫീസ് ബ്രഹ്മമംഗലം എഫ്.ഡി നം740464 | 822.25 |
| ആകെ | 470135.25 |

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തില് വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടില് ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങള്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളില് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടില് ഉൾപ്പെട്ട ഖണ്ഡികകളില് തീർപ്പാക്കാന് അവശേഷിക്കുന്ന ഖണ്ഡികകള് ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 88269211.75 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 80910574.25 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2482742/- |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

നഷ്ടം ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 50000 | ഡോ.ഗീത,മെഡിക്കൽ ഓഫീസര്, പി,എച്ച്,സി |
| 1-19 | 61446 | അനൂപ് എൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 499292 | ഉഷാകുമാരി പി ജി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 70104 | ബിജു എസ്, സെക്രട്ടറി |
| 1-24 | 19800 | അഫ്സൽ , വി.ഇ.ഒ |
| 1-25 | 1450000 | അനിൽകുമാര് , സെക്രട്ടറി |
| 1-27 | 300000 | ഡോ.കുര്യൻ പി ജേക്കബ്,വെറ്റിനറി സർജന് |
| 1-28 | 32100 | ജോയി എ ആർ, ഹെഡ്മാസ്റ്റര് |
| | 2482742 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകള്, മറ്റു സ്ഥാപനങ്ങള് എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

നഷ്ടംഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതല് അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടില് പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

## 4-11 തീർപ്പാക്കാന് അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള്

| ഓഡിറ്റ് വർഷം | ഈ വകുപ്പില്‍ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.കെ.പി7/791/08/29.11.08 |
| 1997-98 ചെലവ് | എൽ.എഫ്.കെ.പി5/518/00 തീയ്യതി 8.9.00/19.3.02 |
| 1999-00, 00-01, 01-02 പ്ലാന് | എല്.എഫ്.കെ.പി6/370/അദാ/14(3)തീയതി 29.5.14 |
| 1999-00 | എൽ.എഫ്.കെ.പി6/370/അദാ/14(2)തീയതി 29.5.14 |
| 2000-01 | എൽ.എഫ്.കെ.പി6/1595/അദാ/16/തീയതി 18.2.17 |
| 2001-02 | എൽ.എഫ്.കെ.പി6/370/അദാ/14(5)തീയതി 29.5.14 |
| 2002-03 വരവ് | എൽ.എഫ്.കെ.പി7/1694/07 തീയതി 29.11.08/12.1.09 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി1/960/അദാ1/11/29.8.11 |
| 2003-04 | എൽ.എഫ്.കെ.പി1/960/അദാ1/11(8)/29.8.11 |
| 2004-05 | എൽ.എഫ്.കെ.പി1/960/അദാ1/11(14)/29.8.11 |
| 2005-06 | എൽ.എഫ്.കെ.പി1/960/അദാ1/11(7)/29.8.11 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി6/അദാ18/135(11)/18/8.1.18 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി6/അദാ18/35(2)/18/8.1.18 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/അദാ18/35(3)/18/8.1.18 |
| 2009-10 | എൽ.എഫ്.കെ.പി6/687/11 തീയതി 7.11.12 |
| 2010-11, 11-12 | എൽ.എഫ്.കെ.പി6/1568/13 തീയതി 22.11.13 |
| 2012-13 | നം.കെ.എസ്.എ-കെ.ടി.എം. പി6/818/16/20.1.17 |
| 2013-14, 2014-15 | നം.കെ.എസ്.എ-കെ.ടി.എം. പി6/1767/16/25.2.17 |
| 2015-16 | നം.കെ.എസ്.എ-കെ.ടി.എം. പി6/1828/16 12.11.16 |

| | |
|---|---|
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം. പി6/1421/18/21.8.18 |
| 2017-18 | നം.കെ.എസ്.എ-കെ.ടി.എം. പി6/86/2019/ 01.10.19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങള് തീർപ്പാക്കാന് അടിയന്തിര നടപടികള് സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

**നം.കെ.എസ്.എ-കെ.ടി.എം.പി6 -299/2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**

ഫോൺ: **04812564886**

ഇ-മെയിൽ: **doktm.ksad@kerala.gov.in**

തീയതി: **17/03/2020**

1994 ലെ കേരള ലോക്കല് ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറല് നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകള് അവലംബിച്ചും കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ **2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാന് സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടില് ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങള് ഒഴികെ എന്റെ അഭിപ്രായത്തില് ചെമ്പ് ഗ്രാമപഞ്ചായത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയില് അവതരിപ്പിക്കുന്നു എന്ന് ഞാന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം